## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 187 — 07.07.15 ൽ മറുപടിയ്ക്ക്

### ഗ്രീൻ ട്രൈബ്യൂണലിന്റെ ഇടപെടലുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ബി. അബ്ദുൾ റസാക്<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.കെ.എം. ഷാജി<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | മണൽ, മണ്ണ്, പാറ എന്നീ നിർമ്മാണ വസ്തുക്കൾ ശേഖരിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ടുള്ള ഗ്രീൻ ട്രൈബ്യൂണലിന്റെ ഇടപെടലുകൾ സംസ്ഥാനത്തെ നിർമ്മാണ മേഖലയിലുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) | മണൽ, മണ്ണ്, പാറ എന്നീ ചെറുകിട ധാതുക്കളുടെ ഖനനത്തിന് നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഇടപെടലുകൾ സംസ്ഥാനത്തെ നിർമ്മാണ മേഖലയെ ബാധിക്കുന്നുണ്ട്. പാറഖനനത്തിന് നിലവിലുള്ള ക്വാറിയിംഗ് ലീസ് സമ്പാദിച്ചവർക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കി ട്രിബ്യൂണൽ ഉത്തരവായിട്ടുണ്ട്. ഗാർഹികാവശ്യത്തിന് മണ്ണ് ഖനനം ചെയ്യുന്നതിന് പാരിസ്ഥിതികാനുമതി ഒഴിവാക്കിക്കൊണ്ടുള്ള പരിസ്ഥിതി വകുപ്പിന്റെ ഉത്തരവിനെ ഗ്രീൻ ട്രിബ്യൂണലിന്റെ തെക്കൻ മേഖല ബെഞ്ച് സ്റ്റേ ചെയ്തിരിക്കുകയാണ്. കൂടാതെ പുഴ മണൽ ഖനനത്തിന് മണൽ ഓഡിറ്റിംഗ് നടത്തുന്നതിന് സർക്കാർ നൽകിയ സാവകാശവും ട്രിബ്യൂണലിന്റെ തെക്കൻ മേഖല ബെഞ്ച് റദ്ദു ചെയ്തിരിക്കുകയാണ്. മെറ്റൽ, പാറ, മണൽ എന്നിവയുടെ ദൗർലഭ്യം തത്ക്കാലം അനുഭവിക്കുന്നില്ലെങ്കിലും ട്രിബ്യൂണലിന്റെ നിയന്ത്രണങ്ങൾ നിർമ്മാണമേഖലയിലെ സാമഗ്രികളുടെ ലഭ്യതയെ സമീപഭാവിയിൽ ബാധിച്ച് തുടങ്ങും. |
| (ബി) | നിർമ്മാണമേഖല സ്തംഭിക്കാതിരിക്കാൻ | (ബി) | നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിലവിൽ പ്രവർത്തിച്ച |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; പകരം ഉപയോഗിക്കാവുന്ന നിർമ്മാണ വസ്തുക്കളുടെ കാര്യത്തിലെ നയം വ്യക്തമാക്കാമോ? | | വരുന്ന കരിങ്കൽ ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ഇല്ലാതെ 2 വർഷം കൂടി പ്രവർത്തനം തുടരുന്നതിന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ചെങ്കൽ ഖനനത്തിന് പാരിസ്ഥിതികാനുമതി ഒഴിവാക്കുകയും ചെയ്തിരുന്നു. എന്നാൽ WP(C) No.8531/2015(S)ൽ സമർപ്പിച്ച IA No.7872/15 ന് മേൽ ബഹു. ഹൈക്കോടതി 17.06.2015 ന് പുറപ്പെടുവിച്ച വിധിന്യായപ്രകാരം പാരിസ്ഥിതികാനുമതിയോടുകൂടി മാത്രമേ എല്ലാവിധ ഖനന പ്രവർത്തനങ്ങളും അനുവദിയ്ക്കാവൂ എന്ന് ബന്ധപ്പെട്ട അധികാരികൾക്ക് കോടതി നിർദ്ദേശമുണ്ട്. ഈ ഉത്തരവിൻമേൽ പുന:പരിശോധനാ ഹർജി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.<br>നിലവിലുള്ള നിർമ്മാണ വസ്തുക്കൾക്ക് പകരം ഉപയോഗിക്കാവുന്ന വസ്തുക്കളുടെ കാര്യത്തിൽ സർക്കാർ പ്രോത്സാഹനം നൽകി വരുന്നു. മണലിനു പകരം ഉപയോഗിക്കാവുന്ന എം-സാന്റ് ഉൽപാദിപ്പിക്കുന്നതിന് ഉപയുക്തമായ കരിങ്കൽ ക്വാറികൾ കണ്ടെത്തുന്നതിനും മണൽ നിക്ഷേപ സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. വേസ്റ്റ് പ്ലാസ്റ്റിക്, ഷ്രഡ്ഡ് പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ചുള്ള റോഡ്, സബ് ഗ്രേഡ്, സ്റ്റെബിലൈസേഷൻ പഠനവും ഇഷ്ടികയ്ക്കു പകരം ഫ്ലൈ ആഷ് ബ്ലോക്കുകൾ നിർമ്മാണ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതു സംബന്ധിച്ചുള്ള പഠനവും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ